
# അക്ഷരത്താള്

H.S.S. CHENTRAPINNI



*DIGITAL MAGAZINE*

**2023-2024**


CHENTRAPPINNI HIGHER SECONDARY SCHOOL
ഉണരുക ഉണ്ണിക്കിടാങ്ങളെ വേഗം
ഉഷസ്സിന്റെ ഗീതങ്ങൾ കേൾക്കുന്നതില്ലയോ...
നിങ്ങൾക്ക് നീളെ കളിക്കാൻ, പഠിക്കുവാൻ
ഭൂമി ഒരുക്കിയതീ മഴമരത്തണൽ



# HEAD MASTER

K. S. KIRAN

# OUR SCHOOL











ക്കുന്ന കാലത്താണ് ഈ പ്രദേശത്ത് ജനിച്ചുവളർന്ന മുൻപ് സൂചിപ്പിച്ച സ്കൂളുകളിൽ പഠനം പൂർത്തിയാക്കി ബോംബെയിലും (മുംബൈ), മദ്രാസിലും മിലിട്ടറിയിലുമൊക്കെ ഉയർന്ന പദവിയിൽ ജോലികൾ ചെയ്തു നാട്ടിലേക്ക് തിരിച്ചെത്തിയവരുടേയും കൊളംബിൽ പോയി ധാരാളം പണം ഉണ്ടാക്കി തിരിച്ചെത്തിയവർ, സമൂഹത്തിലെ സാമ്പത്തികമായി മുന്നിൽ നിന്നവരുടേയും ശ്രമഫലമായി രൂപം കൊണ്ടതാണ് ചെന്ത്രാപ്പിന്നി ഹൈസ്കൂൾ.

1957 ലാണ് ഈ സ്കൂളിന്റെ പ്രവർത്തനമാരംഭിച്ചത്. ആദ്യത്തെ ജനകീയ സർക്കാർ മുന്നോട്ടുവച്ച വിദ്യാഭ്യാസ നയ പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ തുടർ വിദ്യാലയങ്ങൾ ഇല്ലാത്ത ഇടങ്ങളിൽ പുതിയ വിദ്യാലയങ്ങൾക്ക് അനുവാദം കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. അതിനാൽ ചെന്ത്രാപ്പിന്നിയിൽ ഉന്നത വിദ്യാഭ്യാസ വിദ്യാലയത്തിന് പ്രസക്തിയുണ്ടെന്ന് മനസ്സിലാക്കിയ ശ്രീ കൊട്ടേക്കാട്ട് കൃഷ്ണൻകുട്ടി മേനോൻ, ശ്രീ കൊല്ലാറ കണ്ണൻകുഞ്ഞി, ശ്രീ കൊല്ലാറ ചാത്തുണ്ണി, ശ്രീ കോഴിപ്പറമ്പിൽ കുഞ്ഞാണ്ടി, ശ്രീ കോഴിപ്പറമ്പിൽ ഗംഗാധരൻ മാസ്റ്റർ, ശ്രീ പുത്തേഴത്ത് മാധവമേനോൻ, ശ്രീ ആളൂപ്പടി [illegible] (ശ്രീ [illegible]മംഗലം സമുദായ ക്ഷേത്ര പ്രതിനിധി) എന്നി[illegible] കമ്മിറ്റിയാണ് വിദ്യാലയം തുടങ്ങുന്നതിനു വേണ്ടിയുള്ള എഴുത്തുകുത്തുകൾ ആരംഭിക്കുന്നത്.

# ആരംഭം


K.K. MENON


K.S. KANNANKUNJI


[illegible]


K.S. CHATHUNNI

## ആരംഭം

1957 ജൂണിൽ 9-ാം ക്ലാസ് തുടങ്ങിക്കൊണ്ടാണ് സ്കൂളിന്റെ ആരംഭം. മുകുന്ദൻ പി ആയിരുന്നു ആദ്യമായി എൻറോൾ ചെയ്ത വിദ്യാർത്ഥി. 1960-61ലാണ് അപ്പർ പ്രൈമറി ക്ലാസ്സുകൾ ആയ 5, 6, 7, 8 ക്ലാസ്സുകൾ ആരംഭിക്കുന്നത്. ആദ്യകാല സ്കൂൾ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തും ക്ഷേത്രത്തിന്റെ പറമ്പുകളിലും ആയി ഓലമേഞ്ഞ കെട്ടിടങ്ങളായിരുന്നു. കുട്ടികൾക്ക് കളിക്കാൻ അമ്പലത്തിന് ചുറ്റുമുള്ള ഒഴിഞ്ഞ ഭാഗങ്ങൾ ഉപയുക്തമാക്കിയിരുന്നു.

ശ്രീ. സി.ഐ മത്തായി മാസ്റ്റർ ആയിരുന്നു ആദ്യ ത്തെ ഹെഡ്മാസ്റ്റർ. ആദ്യകാല അധ്യാപകർ: ശ്രീ. പി. ജി. മേനോൻ (ഇംഗ്ലീഷ്), ശ്രീ സി.വി ഫ്രാൻസിസ് (ഗണിതം), ശ്രീ ആർ.ബി ഭാസ്കരൻ (സയൻസ്), ശ്രീ നീലകണ്ഠൻ നമ്പൂതിരി (മലയാളം), ശ്രീ വി.പി. പ്രഭാകരൻ (ഹിന്ദി), ശ്രീ കെ.എസ് ഗംഗാധരൻ (ചരിത്രം), ശ്രീ ചന്ദ്രശേഖരൻ(പി.ഇ.ടി), ശ്രീമതി കെ.ആർ സുശീല (പ്രവർത്തിപരിചയം) ശ്രീ എം. വിജയൻ (ഡ്രോയിങ്ങ്) ശ്രീ കെ. ഗോപാലകൃഷ്ണമേനോൻ (ക്ലർക്ക്) ശ്രീ പൊനത്തിൽ മാമു(പ്യൂൺ) ശ്രീ സി.ഐ. മത്തായി മാസ്റ്റർക്ക് ശേഷം ശ്രീ പി.ജി മേനോൻ ഹെഡ് മാസ്റ്ററായി. ഇവർക്ക് ശേഷം ദീർഘനാൾ എച്ച്.എം ആയി പ്രവർത്തിച്ചത് ശ്രീ കെ.കെ. ധർമ്മരത്നം മാസ്റ്ററാണ്.



കോഴിപ്പറമ്പിൽ ശങ്കരനാരായണൻ

ശ്രീ കൊറ്റേക്കാട് കൃഷ്ണൻകുട്ടി മേനോൻ ആണ് ആദ്യത്തെ മാനേജർ. അതിനുശേഷം ശ്രീ കൊല്ലാറ ചാത്തുണ്ണി അവർകൾ കാൽനൂറ്റാണ്ടുകാലം മാനേജരായി പ്രവർത്തിക്കുകയുണ്ടായി. അദ്ദേഹം മാനേജരായിരുന്ന കാലഘട്ടത്തിൽ ശ്രീ കോഴിപ്പറമ്പിൽ കുഞ്ഞാണ്ടി അവർകളുമായി സഹകരിച്ച് ഭീമമായതുക ചെലവാക്കി സ്കൂളിന്റെ ആദ്യത്തെ ഓഫീസ് കെട്ടിടം 1964ൽ പണികഴിപ്പിച്ചു. തെക്കുവടക്കു ഭാഗങ്ങളിൽ നീണ്ടുകിടക്കുന്ന ഓടിട്ട കെട്ടിടങ്ങളും നിർമ്മിക്കപ്പെട്ടതും ആ കാലഘട്ടത്തിലാണ്.

ശ്രീ കൊല്ലാറ ചാത്തുണ്ണി അവർകളുടെ കാലശേഷം ദീർഘനാളായി മാനേജരായി പ്രവർത്തിക്കുന്നത് അദ്ദേഹത്തിന്റെ മകനായ ഡോക്ടർ കെ.സി. പ്രകാശൻ അവർകളാണ്. സ്കൂളിൽ പ്ലസ്ടു വിഭാഗം (അൺ എയ്ഡഡ്) ആരംഭിച്ചതും, അതിനുള്ള കെട്ടിടം പണികഴിപ്പിച്ചതും, ഇപ്പോഴത്തെ ഏറ്റവും പുതിയ കെട്ടിടം നിർമ്മിക്കപ്പെട്ടതും ഡോ. കെ.സി. പ്രകാശൻ ഡോക്ടറുടെ കാലഘട്ടത്തിലാണ്.

കോഴിപ്പറമ്പിൽ കുഞ്ഞാണ്ടി അവർകളുടെ മകനായ ശ്രീ. കെ.കെ. ശങ്കരനാരായണൻ അവർകളാണ് അതിനു ശേഷം മാനേജരായത്. എൽ.പി.വിഭാഗം ആരംഭിച്ചതും, എയ്ഡഡ് മേഖലയിൽ പ്ലസ്ടു അനുവദിച്ചു കിട്ടുന്നതിനായി പ്രയത്നിച്ചതും, അതിനുള്ള കെട്ടിടവും, നിലവിലെ ഓഫീസ് ഉൾപ്പെടുന്ന ഉൾപ്പെടുന്ന പുതിയ കെട്ടിടവും നിർമ്മിക്കപ്പെട്ടത് അദ്ദേഹം മാനേജർ ആയ കാലഘട്ടത്തിലാണ്. അദ്ദേഹത്തിന്റെ മരണശേഷം പത്നി ശ്രീമതി ഉഷ ശങ്കരനാരായണൻ കുറച്ചുകാലം മാനേജരായി പ്രവർത്തിക്കുകയുണ്ടായി.

ഡോക്ടർ കെ സി പ്രകാശൻ, ശ്രീമതി ഉഷാ ശങ്കരനാരായണൻ, ശ്രീ പൂവ്വത്തുംകടവിൽ അശോകൻ, ശ്രീ രാജൻ കോഴിപ്പറമ്പിൽ കൂടാതെ ശ്രീ കുമാരമംഗലം ക്ഷേത്രം പ്രതിനിധി (രവീന്ദ്രൻ കോലാന്ത്രയാണ് ഇപ്പോഴത്തെ ക്ഷേത്രം പ്രതിനിധി.) എന്നിവരടങ്ങുന്നതാണ് സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി.

ചെന്ത്രാപ്പിന്നി ഹയർസെക്കണ്ടറി സ്കൂൾ നീണ്ട 62 വർഷങ്ങൾ പിന്നിട്ട് 96 കുട്ടികൾ 11 സ്റ്റാഫുകൾ എന്ന ചെറിയ സംഖ്യകളിൽ നിന്ന് വിവിധ വിഭാഗങ്ങളിലായി 3203 വിദ്യാർത്ഥികൾ, 115ഓളം സ്റ്റാഫുകൾ എന്ന സംഖ്യകളിലേക്ക് ഉയർന്നിരിക്കുന്നു.











# *Flower*

**I,** the solace to troubling hearts
that ache by many
with impending sorrows and pain
and a mind that regrets.

I sprinkle the dry soul
with soothing hand of mine
my existence provides
comfort to the whole.

I am so simple and humble;
so soft my body;
the wonderful creation
of nature's preamble.

I enlighten the minds that weep
with my superhuman powers
that  please who tears
with my tender hand i sweep.

I am droplets in the drought
for the god and goddess;
in the form of garland;
Either big or small
without me no decorations.
I am the one used in occasions
for the god and goddess;
in the form of garland
without me no decorations

My beauty makes all elated
as the splashes make a plant
that lives in the dessert;
i make all fascinated.
The children get infatuated;
they feel to possess me
and tend to pluck me;
that makes me agitated.

I have much patience;

i please all who come to me;

i surpass all negativity

i never go for challenge.

I have much perseverance;

i deal with conscience;

i mingle all pleasingly;

i seldom do vengeance;

In all the walks of life;

Birth , Death , joy or sorrow;

i am in need to please and soothe;

i don’t wear masks.

Either big or small

all love my presence

i have that innocence

to surrender all.

- REKHA TEACHER




'വലിയൊരു ലോകം
നന്നാകാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക'
-കുഞ്ഞുണ്ണി മാഷ്






മഴ മഴ മഴ മഴ മഴ വന്നു
ഒരു മഴ ചെറുമഴ വന്നു
നല്ലൊരു പുള്ളിക്കുടയും ചൂടി
മഴയത്തുടെ നടന്നു ഞാൻ
പേക്റോം പേക്റോം തവളകൾ പാടി
ചെറുമീനുകളോ തുള്ളിചാടി
മഴ വന്നേ ഹായ് മഴ വന്നേ
മഴമേളത്തിൻ പൊടിപൂരം

# curtain

You stand still
Untill the touch of mine
But swaying
With the rhythm of wind.

Having two sides,
One unravels the ray of hope
And the other,the shadows of light
Closing into a pitch blackness

The rich,changing you with
seasons
The poor ,hoping for one
Even though i stand in front
You hide the beautiful view

Like the door between
Heaven and hell
You stands there
Balancing the light and dark

Different hues and designs
Much like a humans mind
Functions the same
But some doesn’t realise

In some nights
I saw you cry
By feeling drenched,
By the tears of sky

On the others
I open you up
Even at the night
So i can wake up with a glimpse
of light.

- Diya Dayanandan IX



# ഗുരുവായൂർ യാത്ര

-Diya T.S IX E

അന്നൊരു ശനിയാഴ്ചയായിരുന്നു. സൂര്യൻ ഉദിച്ചു വരുന്നതേയുള്ളൂ. അരണ്ടവെളിച്ചം പുറത്ത് നല്ല തണുപ്പുണ്ടായിരുന്നു. അകലെ അമ്പലത്തിൽ നിന്നും സുപ്രഭാതം കേൾക്കുന്നു. തെക്കുഭാഗത്തുള്ള പള്ളിയിൽനിന്ന് ഭക്തിഗാനവും. നല്ലൊരു സുഖം. ജനൽ തുറന്നിട്ട് മൂടിപ്പുതച്ച് വീണ്ടും ഞാൻ ചുരുണ്ടു കൂടി. 'മോളേ എണീക്കെടീ കുട്ടീ' അമ്മയുടെ വാത്സല്യത്തോടെയുള്ള ശബ്ദം കേട്ട് ഞാൻ പുതപ്പിന് ഇടയിലൂടെ നോക്കി. അമ്മ കുളിയൊക്കെ കഴിഞ്ഞ് പുതിയ സാരി ചുറ്റിയിരിക്കുന്നു. അപ്പോഴാണ് ഞാൻ ഓർത്തത് ഇന്നാണല്ലോ ഗുരുവായൂർക്ക് പോ കാമെന്ന് പറഞ്ഞിരുന്നത്. ഞാൻ ചാടിയെണീറ്റു. എല്ലാവരും യാത്രയായി വേഗം ഒരുങ്ങിക്കോളൂ അമ്മയുടെ ശബ്ദം ഞാൻ നൊടിയിടയിൽ ബാത്ത്റൂമിലേക്ക് ഓടി കുളികഴിഞ്ഞ് സുന്ദരി കുട്ടിയായി। കാറിൽ കയറി കാറിന്റെ മുൻസീറ്റിൽ ഇരുന്നുകൊണ്ടുള്ള യാത്ര എനിക്കേറെ പ്രിയപ്പെട്ടതാണ്. ഗുരുവായൂരമ്പലത്തിലെ കിഴക്കേനടയിൽ ഇറങ്ങിനടക്കുമ്പോൾ കൃഷ്ണഭക്തിഗാനങ്ങൾ മുല്ലപ്പൂവിന്റെയും ചന്ദനത്തിരിയുടെയും മാസ്മരികത. കുറച്ചു മുല്ലപ്പൂ വാങ്ങി അമ്മ എന്റെ മുടിയിൽ ചൂടി. നീണ്ട ക്യൂവിൽ ഭഗവത് ദർശനത്തിനു വേണ്ടി കാത്തു നിന്നു. ഏറെ നേരത്തിനുശേഷം ഭഗവാന്റെ സമീപത്തേക്ക് എത്തുന്നു എന്ന തോന്നൽ ഉള്ളിൽ ഉണ്ടാക്കിയ സന്തോഷം തെല്ലൊന്നുമല്ല. മനോഹരമായ ആ രൂപം ദർശിച്ചപ്പോൾ ഒരുപാട് സന്തോഷമായി. അതിനു ശേഷം പ്രസാദഊട്ട് നടക്കുന്നിടത്തേക്ക് രുചികരമായ സദ്യ കഴിക്കാൻ ഭാഗ്യമുണ്ടായി. സമയം പോയത് അറിഞ്ഞതേയില്ല. പ്രസാദം വാങ്ങുന്ന സ്ഥലത്തെത്തിയപ്പോഴേക്കും വൈകിപോയി. എനി ക്കേറ്റവും പ്രിയപ്പെട്ട പാൽപ്പായസം കുടിക്കാനുള്ള ത്രില്ലിലായിരുന്നു ഞാൻ. പക്ഷേ, പാൽപ്പായസം തീർന്നിരിക്കുന്നു. എന്റെ കണ്ണ് നിറഞ്ഞത് എന്തിനാ

ണെന്ന് എനിക്കറിയില്ല. തെല്ലു വിഷമത്തോടെ നിൽക്കുന്ന ഞങ്ങളുടെ മുന്നിലൂടെ ഒരാൾ വന്നു. കയ്യിൽ ഒരു വലിയ കവർ ഉണ്ടായിരുന്നു. അറിയാതെ അദ്ദേഹമെന്റെ കണ്ണുകളിലേക്ക് നോക്കി. കണ്ണുകളിലെ നനവ് കണ്ടിട്ടാണെന്ന് തോന്നുന്നു എന്നോടു ചോദിച്ചു: 'എന്തിനാ കരയുന്നെ' തെല്ലു നാണത്തോടെയാണെങ്കിലും ഞാൻ പറഞ്ഞു, എനിക്ക് പാൽപായസം കിട്ടിയില്ല. അപ്പോൾ തന്നെ അദ്ദേഹം കവറിൽനിന്ന് ഒരു ടിൻ പായസം എടുത്തു എനിക്ക് തന്നു. ഇതു മോൾ എടുത്തോട്ടോ. ഞാൻ പാ യസവും പിടിച്ചു അദ്ദേഹം ദൂരേക്ക് നടന്നകലുന്നതും നോക്കി നിന്നു.

പിന്നെ എനിക്ക് തോന്നി എനിക്ക് തരാൻ പായസവു മായി ഭഗവാൻ തന്നെ എത്തിയതാണെന്ന്. കാരണം കൊച്ചുകുട്ടികൾ ദുഃഖിക്കുന്നത് ഭഗവാന് ഇഷ്ടമല്ല. അങ്ങനെ ഭഗവാനോടുള്ള ഭക്തിയും സ്നേഹവും എനിക്ക് കൂടി വരികയായിരുന്നു. നടയിൽ നിന്ന് പ്രാർഥിച്ച് സാഫല്യത്തോടെ മടങ്ങുമ്പോൾ വല്ലാത്ത അനുഭൂതി. ഒരിക്കലും മറക്കാനാവാത്ത അനു ഭവമായിരുന്നു ആ യാത്ര എനിക്ക് സമ്മാനിച്ചത്.





# ഉരുളി

- Diya Dayanandan IX E



"ഉരുളി എന്നു കേട്ടാൽ ഭക്ഷണം പാകം ചെയ്യുന്ന ഉരുളി അല്ല". കോൺക്രീറ്റുകൊണ്ട് നിർമ്മിച്ചതാണ്. മീൻ വളർത്താനായി ഉണ്ടാക്കിയതാണ്. എന്റെ വീട്ടിലുള്ള ആ ഉരുളിയിൽ നിറയെ മീനുകളുണ്ട്. പലതരത്തിലും നിറത്തിലും. അതിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവ സ്വർണ്ണ നിറമുള്ള മീനുകളാണ് എന്തു ഭംഗിയാണെന്നോ അവയെകാണാൻ. ഞാൻ ഉരുളിയിൽ താമരപ്പൂവ് വളർത്തുന്നുണ്ട്. ഞാൻ മീനിന് തീറ്റ കൊടുക്കുമ്പോൾ രണ്ടുപേർ എന്റെ പ്രിയപ്പെട്ട മീനുകളെ നിരീക്ഷിച്ചുകൊണ്ടിരിക്കും. അത് മറ്റാരുമല്ല, എന്റെ പ്രിയ കൂട്ടുകാരായ നായക്കുട്ടികളാണ്. കുട്ടൂസും ടിപ്പുവും. എന്നെ കണ്ടയുടൻ ഓരോട്ടമാണ് രണ്ടും കൂടി. ഞാൻ സ്കൂളിലേക്ക് പോകുമ്പോൾ അവർ മുഖത്തോട് മുഖം നോക്കി കിടക്കും. അപ്പോൾ ഞാൻ വിളിയ്ക്കും കുട്ടൂന്ന്... വിളിക്കുമ്പോൾ രണ്ട് പേരും കൂടി ഓടി വരും. ടിപ്പു എന്നു വിളിച്ചാൽ എവിടെ വരുന്നു.? അവിടെ തന്നെ കിടക്കും. കുട്ടു ഓടി വന്നതിനാൽ ഇന്ന് അവൾക്ക് എന്റെ തലോടൽ കിട്ടി. പിന്നെ ഓടിപ്പോയി കിടന്നു. അവൾ ടിപ്പുവിനെ എണീപ്പിക്കാൻ പെടാപ്പാടുപെടുന്നതു കാണാം.

പ്രകൃതിയെ സ്നേഹിക്കുക... മൃഗങ്ങളോട് കാരുണ്യം കാട്ടുക.

# സംഭാഷണം



- Sreya Santhosh VIII C

ഞാൻ ഒരു ദിവസം ഒരു കുളത്തിന്റെ അരികിലെത്തി. അപ്പോഴതാ ഒരു മീനും തവളയും എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഒരു സംഭാഷണമായാലോ ഇനി.എന്റെ ഭാവനയിൽ അവരിങ്ങനെയൊക്കെ പറഞ്ഞിരിക്കാം. തുടങ്ങിയാലോ...

മീൻ : ഹായ്, തവളപ്പെണ്ണേ നീയെന്താ ഇന്നലെ എന്നോട് പിണങ്ങിയത് ?
തവള : നിനക്കു തോന്നിയതാവാം മീനമ്മേ.
മീൻ : അല്ല, നീ കരയുന്നതു ഞാൻ കണ്ടതാണല്ലോ
തവള : അതോ നിന്നോട് പിണങ്ങിയതൊന്നുമല്ല
എന്റെ കുട്ടിത്തവള ഞാൻ പറഞ്ഞതനുസരിച്ചില്ല. അതാ
മീൻ : അതിനെന്തിനാ നീ കരഞ്ഞത്?
തവള : നമ്മുടെ മക്കളെ നല്ലനിലയ്ക്ക് വളർത്തേണ്ടത് നമ്മുടെ കടമയല്ലേ?
ശാസിക്കാൻ നമുക്കധികാരം ഇല്ലേ?
മീൻ : തീർച്ചയായും നമ്മൾ തന്നെയാണ് അതിന് അധികാരമുള്ളവർ.
തവള : സുഹൃത്തേ, ഞാനൊരു തീരുമാനമെടുത്തു. ലാളിച്ചും സ്നേഹിച്ചും
ശാസിച്ചും എന്റെ മക്കളെ നന്നായി വളർത്തും.
മീൻ : തീർച്ചയായും.

ഇത്രയും പറഞ്ഞതുകേട്ടപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഞാനും എന്റെ അമ്മയും അച്ഛനും പറയുന്നത് അനുസരിച്ച് ഇനി മുതൽ മുന്നോട്ട് പോകും. അവരെ ഞാൻ ദൈവത്തെപോലെ കാണും.



# റോസാപ്പൂവിനോട്

റോസാപ്പൂവേ ചുവന്നപൂവേ
എത്രനാളായ് കാത്തിരിപൂ ഞാൻ
ഇലകൾക്കുള്ളിൽ ഒളിഞ്ഞിരുന്നു നീ
ഒരു പൂമൊട്ടായ് ഇരുന്ന കാലം

രാവും പകലും സ്വപ്നം കാൺമു
പുഞ്ചിരി തൂകും നിന്നെ കാണാൻ
വാടല്ലേ പൊരിയും വെയിലിൽ
വെള്ളമൊഴിക്കാൻ ഞാനില്ലേ.

- Naithika suresh IX E

# എന്റെ നഷ്ട സുഹൃത്ത്


സൗഹൃദത്തിന് കടലിനേക്കാൾ
ആഴമുണ്ടെന്ന് നീ എന്നോ
അറിഞ്ഞതല്ലെ
എന്നിട്ടും നമുക്കിടയിൽ
വിരിയനൊരുങ്ങിയ സൗഹൃദം
ഹൃദയത്തിന്റെ പാഴ് ചിപ്പിയിലൊളിച്ചു
നീ മറച്ചുവച്ചു
നിന്റെ ചിറകിലെ കറുപ്പ്
നീ എന്നെ കാണാതെ വച്ചു
ഇരുട്ടുതെത്ത തേങ്ങുന്ന പക്ഷി
തന്നെ ഞാനും
കണ്ടപ്പോഴെല്ലാം കണ്ണിൽ നിന്ന്
മറഞ്ഞുനിന്നെങ്കിലും
കാണാത്ത അകക്കണ്ണുകൊണ്ട്
നിന്നെ ഞാനറിഞ്ഞിരുന്നു
ഞാൻ നിനക്കുവേണ്ടി കരഞ്ഞില്ല
നിനക്കുവേണ്ടി എന്റെ ചിരിയും മായ്ച്ചില്ല
നിന്റെ ശബ്ദം കേൾക്കാൻ
കൊതിച്ചതുമില്ല കാണാമറയത്തു നീ
മറഞ്ഞുപോയപ്പോൾ സ്വന്തം ചിറകിൽ
തന്നെ ഞാനൊളിച്ചിരുന്നു നമുക്കിടയിൽ
നാമറിയാതെ മൊട്ടിട്ട അന്തമില്ലാത്ത
നിശബ്ദതയും എന്നോടു മന്ത്രിക്കുന്നു
സൗഹൃദത്തെ നീ എന്റെ ആത്മാംശം

- Krishna Priya UPSA

# നിന്നെക്കുറിച്ചെഴുതുമ്പോൾ

നിനെക്കുറിച്ചെഴുതു
മ്പോൾ അക്ഷരങ്ങൾ
ഉന്മാദികളായി
വരിതെറ്റി നടക്കും

വാക്കുകൾ സ്വയം മറന്ന്
വ്യാകരണങ്ങളുടെ
കാലങ്ങൾ തെറ്റിച്ച നൃത്തം
ചെയ്യും

നിനെക്കുറിച്ചെഴുതുമ്പോൾ
തൂലിക, നഷ്ട്ബോദത്തിൻറെ
വിഷാദമഷി തുപ്പുമെങ്കിലും
ഖണ്ഡികകൾ
സ്വബോധമില്ലാതെ കാതങ്ങൾ
താണ്ടിക്കൊണ്ടിരിക്കും

കാലവും വിരാമവുമില്ലാത്ത
ഭാഷകൊണ്ട്
ഞാനെങ്ങനെയാണ്
നിനെ എഴുതിത്തീർക്കേണ്ടത്

-varsha pradeep HSA

# ചില ജാലക കാഴ്ച്ചകൾ

പിനിലൂടെയാണ് ഞാനെല്ലാം കണ്ടത്
ആദ്യമായ് കൺതുറന്നപോൾ ഞാൻ
നിന്നരികിലായിരുന്നു
ആകാശത്തുവിരിഞ്ഞ നക്ഷത്രങ്ങളെയും
അമ്പിളിമാമനെയും
അമ്മ കാണിച്ചു തന്നത്
നിന്നരികിൽ ചേർത്തുനിർത്തിയായിരുന്നു.
തെക്കേലെ അമ്മിണിയേച്ചിയുടെ
പുള്ളിപ്പശു കെട്ടഴിഞ്ഞോടിയതും കൊമ്പൻ
മീശക്കാരൻ ബാലേട്ടൻ ചേച്ചിയെ നോക്കി മീശ
പിരിച്ചതും മറ്റാരുമറിയാതെ ശങ്കരേട്ടനും
കുഞ്ഞിപ്പാത്തുവും ഹൃദയം കൈമാറിയതും
ഞാനറിഞ്ഞത്
പത്തിൽ നാലാംവട്ടവും തോറ്റ അനുജൻ
ചോരമണക്കുന്ന ഷർട്ടുമായി കടന്നുവന്നതും
സമ്പാദ്യങ്ങൾ വെട്ടിമുറിക്കാൻ വയ്യാതെ
മുത്തച്ഛൻ കാടുകയറിയതും ഓർമ്മകളെ
തൂത്തെറിഞ്ഞ് മുത്തശ്ശി വൃദ്ധസദനത്തിലേക്ക്
ചേക്കേറിയതും ഞാനറിഞ്ഞത്
നിന്റെ പറച്ചിലിലൂടെയാണ്
നിന്നിലൂടെയുള്ള എന്റെ കാഴച്ചകൾക്ക്
പെണ്ണിന്റെ മണമുണ്ടെന്ന്
ഞാൻ അറിഞ്ഞിരുന്നില്ല
ആവിശ്യമില്ലാത്തതെ പെണ്ണുകാണൂ എന്നു
ചേട്ടൻ പെണ്ണിന് കാഴച്ച വേണ്ടിയിരുന്നില്ലെന്ന്
അച്ഛൻ കൊട്ടിയൊടച്ച ജനാലക്കു മുന്നിൽ
മുടിയഴിച്ചിട്ട എനിക്കു പിന്നിൽ തോരാതെ
രണ്ടു കണ്ണുകൾമാത്രം
പെയ്യുന്നുണ്ടായിരുന്നു



Abhaya K.S HSA

# ART GALLERY






DIYA DAYANANDAN IX



SURYA KIRAN VI C




Archith




BINNI - V





**ARCHITH GOVINDAN- VIII**






**SIVANI HANEESH KUMAR -VIII**















DIYA DAYANANDAN IX E


ഹയർ സെക്കന്ററി സ്കൂൾ ചെന്ത്രാപ്പിന്നി
സംസ്ഥാന സ്കൂൾ കലാ-കായിക-ശാസ്ത്ര മേളകളിലെ
അഭിമാനതാരങ്ങൾ
2023-2024
സംസ്ഥാന കലോത്സവം
തിരുവാതിര
'A' Grade
കാർട്ടൂൺ
DIYA DAYANANDAN
'A' Grade
നാടോടിനൃത്തം
SRIYA SARATH
'A' Grade
ജില്ലാ കലോത്സവം
UP ENGLISH SKIT
I st 'A' Grade
സംസ്ഥാന കായികമേള
VOLLEYBALL
Under 17 Girls
HUDHA FATHIMA.P.A
SWIMMING
Under 17 Girls
ABHINANDHA RAKESH
SWIMMING
Under 17 Boys
RAMADAN HAMEED K M
സംസ്ഥാന ശാസ്ത്രമേള
MATHEMATICS FAIR
P.S.AWANTHIKA
Pure Construction
A Grade
WORK EXPERIENCE FAIR
RHYMY I S
Stuffed Toys
A Grade
RAYYAH I S
Beads Works
A Grade
അഭിനന്ദനങ്ങൾ
STAFF | PTA | MANAGEMENT

# EDITORS PAGE

A DIFFERENT APPROACH TO ALL ABOUT US...THE STUDENTS OF CHENTRAPPINNI HIGHER SECONDARY SCHOOL

# THANK YOU

EDITORIAL BOARD
- Diya Dayanandan
- Fathima Sanha